**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1231

04/12/2014 ൽ മറുപടിയ്ക്ക്

**വനഭൂമി കൈവശം വച്ചവർക്കെല്ലാം പട്ടയം കൊടുക്കൽ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| എ) 1977 ജനുവരിക്കു മുമ്പ് വനഭൂമി കൈവശം വച്ചവർക്കെല്ലാം പട്ടയം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) | 1977 ജനുവരിക്കു മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനായി കേരള ഭൂമി പതിവ് (1.1.1977 ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം ചട്ടങ്ങൾ രൂപീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | ബി) | ഇതിനായി ഇടുക്കി ജില്ലയിൽ 6 ഉം തൃശ്ശൂർ ജില്ലയിൽ 1 ഉം സ്പെഷ്യൽ ഓഫീസുകൾ പ്രവർത്തിപ്പിച്ച് പട്ടയ നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ പട്ടയ നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി) പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഉടമസ്ഥർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | സി) | 1993 ലെ പ്രത്യേകഭൂമി പതിവ് ചട്ടങ്ങളിൽ 16.11.10 ലെ ജി.ഒ (പി) നം.456/2010/ആർ ഡി പ്രകാരമുള്ള ഭേദഗതി വഴി പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഉടമസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ